(സി) ഉണ്ട്. നിർമ്മാണ മേഖലയിലെ പ്രതിസന്ധി കാരണം അസംസ്കൃതവസ്തുക്കളുടെ ലഭ്യതക്കുറവും വിലവർദ്ധനവും, തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) കേരള സംസ്ഥാന നിർമ്മാണ തൊഴിലാളി ട്രേഡ് യൂണിനുകളുടെ 17-6-2014-ലെ അവകാശപ്രഖ്യാപന രേഖയിലെ ആവശ്യങ്ങളിൽ തീരുമാന മെടുത്തുവരുന്നു. ധാതുക്കളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും പ്രതിസന്ധി പരിഹരിക്കുന്നതിനുമായി ചെറുകിട ധാതുക്കളുടെ ലൈസൻസ് അനുവദിക്കുന്നതിനുള്ള പാരിസ്ഥിതികാനുമതിയുടെ നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനായി കേന്ദ്ര ഗവൺമെന്റിനോട് ശിപാർശ ചെയ്തിട്ടുണ്ട്.

കോഴിക്കോട് സ്റ്റീൽ കോംപ്ലക്സ്

240 (2478) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കോഴിക്കോട് സ്റ്റീൽ കോംപ്ലക്സിന്റെ 2010-11, 2011-12, 2012-13 വർഷങ്ങളിൽ ലാഭമോ നഷ്ടമോ എത്ര രൂപ വീതമാണെന്ന് വ്യക്തമാക്കുമോ ;

ഉത്തരം

സ്റ്റീൽ കോംപ്ലക്സ് ലിമിറ്റഡ് (സെയിൽ-എസ്.സി.എൽ കേരളാ ലിമിറ്റഡ്)-ന്റെ 2010-11, 2011-12, 2012-13 എന്നീ വർഷങ്ങളിലെ നഷ്ടം ചുവടെ ചേർക്കുന്നു:

രൂപ ലക്ഷത്തിൽ

2010-11	2011-12	2012-13
-837.56	-471.38	-326.79

പൊതുമേഖലാ വ്യവസായങ്ങൾ

241 (2479) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യവസായ വകുപ്പിനു കീഴിൽ സംസ്ഥാനത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന വ്യവസായ സ്ഥാപനങ്ങളുടെ പട്ടിക ലഭ്യമാക്കുമോ ;

(ബി) ഇതിൽ ലാഭത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സ്ഥാപനങ്ങൾ ഏതെല്ലാമെന്ന് അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly